കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കതിരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.9/1074/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി :21-09-19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
കതിരൂർ ഗ്രാമ പഞ്ചായത്ത്

സർ.
വിഷയം : കതിരൂർ ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

---------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം2 ലെ 2-1,2-2,ഭാഗം 3 ലെ 3-9,3-10,3-14,3-15,3-16 ,3-17 എന്നീ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ

പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്
1.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (എയിംസിൽ)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ മെയിൽ)
3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി 9/1074/2019 തീയ്യതി :21-09-19

<u>കണ്ണൂർ ജില്ലയിലെ കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

കതിരൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 10.12.2018 മുതൽ 16.6.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണംപിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ്നടത്തുവാൻചുമതലപ്പെട്ടഉദ്യോഗസ്ഥന്റെ പേര് / ഉദ്യോഗപ്പേര് | ശ്രീ. ശശികുമാർ എം.പി<br>ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17/6/2019മുതൽ |

| | |
|---|---|
| | 28/6/2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീമതി . ഉഷ.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.റീന പിട്ടൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീമതി.അന്ന എബ്രഹാം | ഓഡിറ്റർ |

1-നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി. ഷീബ .എം | 1.4.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | ശ്രീ.സുജിത്ത്കുമാർ പയ്യമ്പള്ളി | 1.04.2018 മുതൽ 3.10.2018 വരെ |
| | | 1.11.2018 മുതൽ 31.3.2019വരെ |
| | ശ്രീമതി.ഷീജ. വി.എം-അസിസ്റ്റന്റ് സെക്രട്ടറി-(അധിക ചുമതല) | 4.10.2018 മുതൽ31.10.2018വരെ |

2- മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. അർച്ചന ശ്യാം.കെ.ടി | 1.4.2018 മുതൽ 31.3.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.കതിരൂർ സെക്ഷൻ | ശ്രീ.പ്രജിത്ത്.ടി.പി | 1.4.2018 മുതൽ 31.3.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.പൊന്ന്യം | ശ്രീ.ശ്രീജേഷ്.ടി | 1.4.2018 മുതൽ 31.3.2019വരെ |

| | | |
|---|---|---|
| സെക്ഷൻ | | |
| വെറ്റിനറി സർജ്ജൻ | ഡോ.ആർ.ലക്ഷ്മിപ്രഭ | 1.4.2018 മുതൽ 31.3.2019വരെ |
| മെഡിക്കൽ ഓഫീസർ -ആയ്യുർവേദ | ഡോ.മുരളി മനോഹർ | 1.4.2018 മുതൽ 31.3.2019വരെ |
| മെഡിക്കൽ ഓഫീസർ സി .എച്ച്.സി | ഡോ. പ്രഭ.പി.കെ | 1.4.2018 മുതൽ 18.6.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.സഹിന .എ.കെ | 19.6.2018 മുതൽ31.3.2019വരെ |
| മെഡിക്കൽ ഓഫീസർ .ഹോമിയോ | ഡോ.അനീന.പി. ത്യാഗരാജ് | 1.4.2018 മുതൽ 31.3.2019വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഷീജ. വി.എം | 1.4.2018 മുതൽ 31.3.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ശ്രീകുമാർ മാപ്പിള വളപ്പിൽ | 1.4.2018മുതൽ23.6.2018FNവരെ |
| | ശ്രീമതി.ഷാജ.എം | 23.6.2018 ANമുതൽ31.3.2019വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.പ്രജിന .കെ | 1.4.2018 മുതൽ31.3.2019വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.രമേശൻ.കെ.വി | 1.4.2018മുതൽ 31.3.2019വരെ |

ഉള്ളടക്കം


| ക്രമ നം | ഇനം | ഖണ്ഡിക നം |
|---|---|---|
| | ഭാഗം 1-പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| | | |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകങ്ങൾ. | 1-12 |
| | ഭാഗം 2-വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | പാർപ്പിടാവശ്യത്തിനായി വസ്തുനികുതി ഒടുക്കുന്ന കെട്ടിടങ്ങളിൽ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 2-1 |
| 14 | എഫ്.റ്റി.ഇ ആൻഡ് ഓ ലൈസൻസ് ഫീ നിർണ്ണയിച്ച മാനദണ്ഡം വ്യക്തമല്ല. | 2-2 |
| 15 | ഗ്രാമപഞ്ചായത്തുപരിധിയിലുള്ള മുഴുവൻ വളർത്തുനായ്ക്കൾക്കും ലൈസൻസ് എടുക്കേണ്ടതാണ്. | 2-3 |
| 16 | ക്രമവൽകരണ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2-4 |
| 17 | ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല. | 2-5 |
| | ഭാഗം 3-ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 18 | വാഹനങ്ങളുടെ ഇൻഷ്വറൻസ് :സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 3-1 |
| 19 | പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം -ഉപയോഗിക്കുന്ന വെള്ളത്തിന് മാത്രമെ വെള്ളക്കരം ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 3-2 |
| 20 | ഐ കെ എം ന് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യ പത്രം - ഹാജരാക്കിയില്ല. | 3-3 |
| 21 | എൽ പി ജി ക്രിമറ്റോറിയം -എ.എം.സി.,എഗ്രിമെന്റ് ഹാജരാക്കിയില്ല – ₹ 1,31,250 തടസ്സപ്പെടുത്തുന്നു | 3-4 |
| 22 | എം ആർ എഫ് സെന്ററിലേക്ക് ഷ്രഡിംഗ് യൂനിറ്റ്, ഡസ്റ്റ് റിമൂവർ എന്നിവ വാങ്ങൽ- പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 10,42,345 തടസ്സപ്പെടുത്തുന്നു | 3-5 |
| 23 | കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായ ഇലക്ട്രിഫിക്കേഷൻ ആദ്യ | 3-6 |

| | | |
|---|---|---|
| | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല- | |
| 24 | കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-7 |
| 25 | ഒഴിഞ്ഞ ടാർ ബാരൽ വിലയുടെ ജി.എസ്.ടി , ജി എസ് ടി വകുപ്പിൽ ഒടുക്കിയിട്ടില്ല | 3-8 |
| 26 | മെഡിക്കൽ ഓഫീസർ,ഹോമിയോ നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകങ്ങൾ | 3-9 |
| 27 | ഒരേ ലക്ഷ്യത്തോടെ രണ്ട് പ്രോജക്ടുകൾ-പദ്ധതി ആസൂത്രണത്തിലെ വീഴ്ച | 3-10 |
| 28 | സംസ്ഥാന സാക്ഷരതാ മിഷന് കോഴ്സ് ഫീ നൽകൽ - രേഖകൾ ഹാജരാക്കിയില്ല -₹ 2,00,000 തടസ്സപ്പെടുത്തുന്നു | 3-11 |
| 29 | എസ് എസ് എ പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യ പത്രം - ഹാജരാക്കിയില്ല. | 3-12 |
| 30 | ഐ കാൻ ഇംഗ്ലീഷ് സാക്ഷരതാ പദ്ധതി - പങ്കാളികളായ ഗുണഭോക്താക്കളുടെ ഹാജർ വിവരം ലഭ്യമാക്കിയിട്ടില്ല.₹36,316/ തടസ്സപ്പെടുത്തുന്നു | 3-13 |
| 31 | ആർട്ട് ഗ്യാലറി - സംരക്ഷണം കുറ്റമറ്റതാക്കേണ്ടതാണ്. | 3-14 |
| 32 | സ്പോർട്സ് കോച്ചിംഗ് കായിക ക്ഷമത - പദ്ധതി നിർവ്വഹണത്തിൽ മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചില്ല – 58,700/- രൂപ തടസ്സപ്പെടുത്തുന്നു | 3-15 |
| 33 | യുവജനങ്ങൾക്ക് കോച്ചിംഗ് ക്യാമ്പ്-കണ്ണൂർ ഗെയിംഫെസ്റ്റ് -അപാകങ്ങൾ - ചെലവ് തുക₹82,985 തടസ്സപ്പെടുത്തുന്നു. | 3-16 |
| 34 | ചിത്ര ഗ്രാമം പദ്ധതി - പദ്ധതി ലക്ഷ്യം കൈ വരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.136452/- രൂപ തടസ്സപ്പെടുത്തുന്നു | 3-17 |
| 35 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ- സബ്സിഡി മാനദണ്ഡം പാലിച്ചില്ല. | 3-18 |
| 36 | വയബിലിറ്റി ഗേപ്പ് ഫണ്ട് - ക്യാഷ് ബുക്ക്, ലോഗ് ബുക്ക് സൂക്ഷിപ്പിലെ അപാകങ്ങൾ | 3-19 |
| | ഭാഗം 4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 37 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗ | 4-1 |
| 38 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 40 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 41 | സ്ഥിര നിക്ഷേപം | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 44 | ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക - | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 47 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 48 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 49 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 50 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


## ഭാഗം -1
## പൊതു അവലോകനം

# 1-1 ബജറ്റ്

28.3.2018 തീയതിയിലെ 1/18തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 25.2.2019തീയതിയിലെ 42/19 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് | | പുതുക്കിയ ബജറ്റ് | |
|---|---|---|---|
| മുന്നിരിപ്പ് | 1,08,49,131 .00 | മുന്നിരിപ്പ് | 1,47,17,740.95 |
| വരവ് | 11,60,70,000.00 | വരവ് | 13,89,48,454.00 |
| ആകെ | 12,69,19,131.00 | ആകെ | 15,36,66,194.95 |
| ചെലവ് | 10,86,51,485.00 | ചെലവ് | 13,74,42,073.00 |
| നീക്കിയിരിപ്പ് | 1,82,67,646.00 | നീക്കിയിരിപ്പ് | 1,62,24,121.95 |

# 1-2 വാർഷികധനകാര്യപത്രിക

| | | |
|---|---|---|
| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
| 31/7/2019 | 24/5/2019 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 18.6.2019 ,19.6 .2019 | കെ.എസ്.എ./കെ.എൻ.ആർ./ സി.9/1085/2019 തീയതി :14.8.2019 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 41,30,311.95 |
| വരവ് | 7,85,83,308.00 |
| ആകെ | 8,27,13,619.95 |
| ചെലവ് | 6,39,45,563.00 |
| നീക്കിയിരിപ്പ് | 1,87,68,056.95 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 1,53,04,000 | 1,53,04,000 | 1,53,04,000 | 0 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 9,31,000 | 9,31,000 | 6,20,284 | 3,10,716 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | | 1,67,000 | 1,67,000 | 1,61,927 | 5,073 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 69,37,000 | 69,37,000 | 48,87,297 | 20,49,703 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 32,47,000 | 32,47,000 | 32,47,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | | 0 | 71,03,000 | 71,03,000 | 71,03,000 | 0 |
| ദുരിതാശ്വാസനിധി | | 2,61,683 | 1,13,166 | 3,74,849 | 11,000 | 3,63,849 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 1,21,63,151 | 1,21,63,151 | 1,21,63,151 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 884 | 2,56,217 | 2,57,101 | 2,55,094 | 2,007 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐ സി ഡി എസ് | | 5,72,241 | 6,83,663 | 12,55,904 | 3,02,745 | 9,53,159 |
| എം പി ഫണ്ട് | | 1,859 | 32 | 1,891 | 0 | 1,891 |
| ബി ഫണ്ട് | | | 3,00,000 | 3,00,000 | 3,00,000 | |
| സംസ്ഥാന സർക്കാർ<br>(ശുചിത്വം ,വിമുക്തി,സാക്ഷരത, കുടുംബശ്രീ, മികച്ച പഞ്ചായത്ത് അവാർഡ് ) | | 21,91,900 | 15,10,746 | 37,02,646 | 13,77,711 | 23,24,935 |
| ജല നിധി | | 6,46,383 | 55,70,332 | 62,16,715 | 51,21,334 | 10,95,381 |
| ജോയിന്റ് വെഞ്ചർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1,56,816 | 6,97,700 | 8,54,516 | 2,47,700 | 6,06,816 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് | 30,00,000 | 37,13,900 | 67,13,900 | 36,76,928 | 30,36,972 |
| തനത് ഫണ്ട് * | ബാങ്ക് അക്കൌണ്ട് | 33,75,669.95 | 91,53,583 | 1,25,29,252.95 | 71,93,879 | 53,35,373.95 |
| | ട്രഷറി അക്കൌണ്ട് | 18,242 | 2,43,10,869 | 2,43,29,111 | 1,58,81,812 | 84,47,299 |
| ഗുണഭോക്തൃ വിഹിതം | | 80,931 | 3,18,889 | 3,99,820 | 2,13,845 | 1,85,975 |

ജനറൽ പർപ്പസ് ഗ്രാന്റ് 1,19,87,505 ലഭിച്ചിട്ടുണ്ട് ഈ ഗ്രാന്റിന് മാത്രമായി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ , ഈ ഇനത്തിന്റെ മുന്നിരിപ്പ് , ചെലവ് ,നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല .

*തനത് ഫണ്ട് - സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളാണ് ഇവിടെ ചേർത്തിരിയ്ക്കുന്നത് . ബാങ്കിലും ട്രഷറിയിലും തനത് ഫണ്ടല്ലാത്ത തുകകൾ ക്രെഡിറ്റ് ചെയ്യുന്നത് കൊണ്ട് കൃത്യമായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഉദാഹരണമായി സംയുക്ത പ്രോജക്ട് നീക്കിയിരിപ്പിൽ 1,56,816 ടി എസ് ബി അക്കൗണ്ടിലാണ് ഉള്ളത് .

മെയിന്റനൻസ് റോഡ് വിഹിതം ലഭിച്ചതിൽ 70% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. കഴിഞ്ഞ വർഷത്തെ 4 ബില്ലുകൾ ക്യൂ ബില്ലായതു കാരണമാണ് ചെലവ് കുറഞ്ഞത്. ശുചിത്വ മിഷൻ ഫണ്ട് ലഭിച്ചത് ചെലവഴിക്കാൻ ബാക്കിയുണ്ട്. മികച്ച പഞ്ചായത്തിന് ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ള തുക ഈ വർഷവും ചെലവാക്കിയിട്ടില്ല.

ഭരണസമിതി 11.6.2018ലെ 11/1 നം തീരുമാന പ്രകാരം അഗതി രഹിത കേരള പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ ഡി പിആർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഈയിനത്തിന് ലഭിച്ച ചാലഞ്ച് ഫണ്ട് സിഡി എസിന് ഈ വർഷം കൈമാറിയിട്ടില്ല .

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗീകമായി നടപ്പാക്കിയത് | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 154 | 6,17,91,579 | 109 | 40 | 69 | 4,29,63,714 | 45 | 44.80 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 39,82,293 | 17 | 21,65,081 | 8 | 47.05 |
| കൃഷി ഓഫീസർ | 30,17,473 | 14 | 22,71,273 | 14 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-കതിരൂർ | 7,70,255 | 6 | 7,63,894 | 6 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-പൊന്ന്യം | 45,12,500 | 7 | 38,75,000 | 6 | 85.71 |
| വെറ്ററിനറി സർജ്ജൻ | 18,50,000 | 4 | 7,45,950 | 2 | 50 |
| മെഡിക്കൽ ഓഫീസർ -ആയുർവേദ | 8,00,000 | 1 | 8,00,000 | 1 | 100 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 22,21,600 | 7 | 15,80,765 | 4 | 57.14 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 3,53,170 | 2 | 3,45,266 | 2 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 6,01,570 | 5 | 3,29,355 | 4 | 80 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 3,57,85,506 | 69 | 2,28,96,872 | 41 | 59.42 |
| | 38,26,000 | 5 | 33,80,362 | 4 | 80 |

| | | | | | |
|---|---|---|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | | | | | |
| ഹെഡ് മിസ്ട്രസ്സ് | 40,71,212 | 17 | 38,09,896 | 17 | 100 |
| | 6,17,91,579 | 154 | 4,29,63,714 | 109 | 70.77 |

<u>പദ്ധതി ആസൂത്രണ പ്രവർത്തനങ്ങളും വർക്കിംഗ് ഗ്രൂപ്പും</u>

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിയ്ക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018, പ്രകാരം പുറപ്പെടുവിചിട്ടുണ്ട്.

<u>ആസൂത്രണസമിതി</u>

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ആദ്യവർഷങ്ങളിൽ രൂപീകരിച്ച ആസൂത്രണസമിതി , വരുന്ന വർഷങ്ങളിൽ പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി ഓരോ വർഷവും ഡിസംബർ 1ന് മുൻപ് നിലവിലുള്ള ആസൂത്രണസമിതി ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കണമെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 11.12.2017 ലെ തീരുമാനം 09/1 പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്. 17 അംഗങ്ങൾ ഉൾപ്പെടുന്ന ആസൂത്രണ സമിതിയാണ് രൂപീകരിച്ചിട്ടുള്ളത്. ജനറൽ മിനുട്ട്സിലാണ് എല്ലാ യോഗങ്ങളും രേഖപ്പെടുത്തിയിരിക്കുന്നത്. 2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 4.1.2018 ന് യോഗം ചേർന്നിട്ടുണ്ട്. ആസൂത്രണ സമിതി 4.8.2018 ന് വീണ്ടും യോഗം ചേരുകയും ചെയ്തിട്ടുണ്ട്..

<u>വർക്കിംഗ് ഗ്രൂപ്പ്</u>

ഉത്തരവിലെ നിർദ്ദേശാനുസരണം 12വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.വർക്കിംഗ് ഗ്രൂപ്പ് 2018-19 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 19.1.2018 ,1.3.2018, 26.5.2018 എന്നീ ദിവസങ്ങളിൽ പൊതുയോഗം ചേർന്നിട്ടുണ്ട്. 1.3.2018 ന് പദ്ധതി രൂപീകരണ യോഗത്തിൽ പേർ 70 പേർ ഒപ്പിട്ടിട്ടുണ്ടെങ്കിലും തീരുമാനങ്ങളോ ചർച്ച ചെയ്ത വിഷയങ്ങളോ രേഖപ്പെടുത്തിയിട്ടില്ല.

26.5.2018 ന് ചേർന്ന യോഗം ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നതിന്റെ യോഗത്തിൽ ഗുണഭോക്തൃലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പിന് കൈമാറാനും ,പരിശോധന നടത്തി തിരിച്ചേൽപ്പിയ്ക്കുവാനായി തീരുമാനമെടുത്തിട്ടുണ്ട്

ഭരണസമിതിയുടെ 11.12.2017 ലെ തീരുമാനം 09/1 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ചിട്ടുണ്ട് . വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തന രേഖയായ വിവിധ വിഷയ മേഖലകളുടെ മിനുട്സ് പരിശോധിച്ചതിൽ ഓരോ വർക്കിംഗ് ഗ്രൂപ്പുകളും 2018-19 വർഷത്തെ

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം യോഗം ചേർന്നിട്ടുണ്ട്. ഇതിൽ പ്രാദേശിക സാമ്പത്തിക വികസനം,പൊതുമരാമത്ത്, ദാരിദ്ര്യ ലഘൂകരണം, പട്ടികജാതി വികസനം / പട്ടികവർഗ്ഗ വികസനം, എന്നീ യോഗങ്ങളിൽ ചർച്ചകളോ തീരുമാനങ്ങളോ എടുത്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതി രൂപീകരിച്ചതായി പദ്ധതി രേഖയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ചില പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭിച്ചിട്ടില്ല

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | പൊതുഭരണവും ധനകാര്യവും. | 2 |
| 2 | കൃഷി അനുബന്ധ മേഖല | 3 |
| 3 | മൃഗസംരക്ഷണവും ക്ഷീരവികസനവും | 4 |
| 4 | പ്രാദേശിക സാമ്പത്തിക വികസനം | 2 |
| 5 | ദാരിദ്ര ലഘൂകരണം( പാർപ്പിടം ഉൾപ്പെടെ) | 2 |
| 6 | സാമൂഹ്യനീതി | 3 |
| 7 | വനിതാവികസനം | 6 |
| 8 | പട്ടികജാതി വികസനം / പട്ടികവർഗ്ഗ വികസനം | 2 |
| 9 | ആരോഗ്യം | 2 |
| 10 | കുടിവെള്ളം ശുചിത്വം | ലഭിച്ചിട്ടില്ല |
| 11 | വിദ്യാഭ്യാസം. കലയും സംസ്കാരവും യുവവജനകാര്യവും | 5 |
| 12 | പൊതുമരാമത്ത് ( വൈദ്യുതിയും ഊൗർജ്ജവും ഉൾപ്പെപെടെ) | 2 |

സ്റ്റാറ്റസ് റിപ്പോർട്ട്

ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ട കോട്ട വിശകലനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പ്രശ്നപരിഹാരവും അവലംബമാക്കി ഓരോ വർക്കിംഗ് ഗ്രൂപ്പും അവരുടെ വിഷയമേഖലയിൽ അവസ്ഥാരേഖ (status report) തയ്യാറാക്കേണ്ടതുണ്ട്. ഈ അവസ്ഥാ രേഖയിൽ ദീർഘകാല ലക്ഷ്യങ്ങളും, അതായത് 2030 ൽ വികസന മേഖലയിൽ എന്തൊക്കെ നേടാൻ ശ്രദ്ധിക്കണമെന്നും, അതുപോലെ പതിമൂന്നാം പദ്ധതിയിൽ അടുത്ത അഞ്ചുവർഷംകൊണ്ട് ലക്ഷ്യമിടുന്ന നേട്ടങ്ങൾ കൃത്യതയോടെ നിർവ്വചിക്കേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിൽ എല്ലാ വിഷയമേഖലയിലുമായി ബന്ധപ്പെട്ട അവസ്ഥാ രേഖ ( status report) തയ്യാറാക്കിയിട്ടുണ്ട്. 2018-19 ൽ അവസ്ഥാ രേഖ തയ്യാറാക്കിയിട്ടുണ്ട് . റിസോഴ്സ് പ്രവർത്തകന്റെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്

ഗ്രാമസഭ - തൻ വർഷം 4 ഗ്രാമ സഭകൾ കൂടിയിട്ടുണ്ട്. ഗ്രാമസഭകളിൽ ക്വാറം തികയുന്നതിനുള്ള ജനപങ്കാളിത്തം ഉണ്ടായിട്ടുണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട്, 25.2.2018 ന് പ്രവാസി ഗ്രാമസഭ ചേർന്നിട്ടുണ്ട്. എന്നാൽ തീരുമാനമൊന്നും രേഖപ്പെടുത്തിയിട്ടില്ല .15.9.2018 ന് പട്ടികജാതി പ്രത്യേക ഗ്രാമസഭ കൂടിയിട്ടുണ്ട്

വികസന സെമിനാർഃ

10.3.2018 ന് വികസന സെമിനാറും നടത്തിയിട്ടുണ്ട്. ഇതിൽ 156 പേർ പങ്കെടുത്തിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മിറ്റി -

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ധനകാര്യം, അക്കൗണ്ടുകൾ, ഓഡിറ്റ്, നികുതികൾ, ബജറ്റ്, പൊതുഭരണം, നികുതിയുമായി ബന്ധപ്പെട്ട അപ്പീലുകൾ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ 23തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. 12.3.2018 ന് ചേർന്ന യോഗത്തിൽ വാർഷീക പദ്ധതി സംബന്ധിച്ച തീരുമാനമെടുത്തിട്ടുണ്ട്. 2018-19 ലെ ബജറ്റ് അംഗീകരിക്കൽ വിവിധ വരവ് ചെലവുകൾ അംഗീകരിക്കൽപോലുള്ള പൊതുവായ നടപടികൾ നികുതി, നികുതിയേതര വരവുകളുടെ അവലോകനം എന്നിവ യോഗത്തിൽ നടത്തിയിട്ടുണ്ട്. കെട്ടിട നികുതി ചോർച്ചയുള്ളതിനാൽ, നികുതി പുനഃനിർണ്ണയം സംബന്ധിച്ച് ജീവനക്കാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈസൻസിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കുന്നതിനായി ബന്ധപ്പെട്ട വ്യാപാര സംഘടന ഭാരവാഹികളെ വിളിച്ച ചേർക്കാൻ തുരുമാനിക്കുകയും, ആനുപാതികമായി ഈടാക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി, മിനി വ്യവസായ എസ്റ്റേറ്റിലെ ഒഴിഞ്ഞുകിടക്കുന്ന മുറികൾ

വാടകയ്ക്ക് നൽകുവാനും, പഞ്ചായത്ത് ഓഡിറ്റോറിയം വാടകയ്ക്ക് നൽകുന്നതിനുമായി തീരുമാനമെടുത്തിട്ടുണ്ട്.

2. വികസന സ്റ്റാന്റിംഗ് കമ്മറ്റി

കൃഷി കന്നുകാലി വളർത്തൽ, ജലസേചനം, മത്സ്യകൃഷി, സാമൂഹീക വനവത്കരണം, ചെറുകിട കുടിൽ വ്യവസായം, കരകൗശല വസ്തുക്കളുടെ നിർമമാണം, പരമ്പരാഗത തൊഴിൽ, ഭവനനിർമ്മാണം ഭവന പുനരുദ്ധാരണം, ഊർജ്ജ സംരക്ഷണം, പൊതുമരാമത്ത് ജലവിതരണം വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. 2018-19 വർഷത്തിൽ 22 തവണ സ്റ്റാൻഡിംഗ് കമ്മറ്റി യോഗം ചേർന്നിട്ടുണ്ട് . വാർഷിക പദ്ധതി നിർവ്വഹണം, ഒഴിവാക്കുന്ന പദ്ധതികൾ ,ഭേദഗതി വരുത്തേണ്ടവ എന്നീപൊതുവായ നടപടികൾ നടത്തിയിട്ടുണ്ട്

3. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി

പട്ടികജാതി പട്ടികവർഗ്ഗ വികസസനം. സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷ, ചേരി പരിഷ്കരണം, പൊതുവിതരണ സമ്പ്രദായം എന്നി വിഷയങ്ങളാണ് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പരിഗണനയിൽ വരുന്നത്. 2018-19 വർഷത്തിൽ 24 തവണ സ്റ്റാൻഡിംഗ് കമ്മറ്റി യോഗം ചേർന്നിട്ടുണ്ട് . പുതുക്കിയ മനദണ്ഡങ്ങൾ പ്രകാരമുള്ള പെൻഷൻ അവലോകനം നടത്തിയിട്ടുണ്ട് സർക്കാർ ഉത്തരവ് മാർഗ്ഗനിർദ്ദേശാനുസരണം വയോജന ജാഗ്രതാ സമിതി രൂപീകരിച്ചിട്ടുണ്ട്

4. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി

പൊതുജനാരോഗ്യം, ശുചീകരണം, കുടിവെള്ളം, വിദ്യാഭ്യാസം, കായികവികസനം, യുവജനക്ഷേമം എന്നീ വിഷയങ്ങളാണ് ആരോഗ്യ കുടുംബക്ഷേമ വർക്കിംഗ് ഗ്രൂപ്പിന്റെ പരിധിയിൽ വരുന്നത്. 2018-19 കാലയളവിൽ 20തവണ സ്റ്റാൻഡിംഗ് കമ്മറ്റി യോഗം ചേർന്നിട്ടുണ്ട്. ആർദ്രം ,പൊതുവിദ്യാഭ്യാസ അവലോകനം വാർഷിക പദ്ധതി അവലോകനം നടത്തുകയും പുനർജനി, ശുചിത്വം സംബന്ധിച്ച് ചർച്ചകൾ നടത്തിയിരിക്കുന്നു.

<u>ജില്ലാ ആസൂത്രണ സമിതി അംഗീകാരം -</u>

വികസന സ്റ്റാന്റിംഗ് കമ്മറ്റി ഗ്രാമസഭ,വർക്കിംഗ് ഗ്രൂപ്പ് ,വികസന സെമിനാർ എന്നിവയിൽ വന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് 2018-19 വർഷത്തെ വാർഷിക പദ്ധതി 16.3.2018 (തീരുമാനം 2 )ന് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട് . പഞ്ചായത്ത് 24.3.2018 ന് അംഗീകാരത്തിനായി ജില്ലാ ആസൂത്രണ സമിതിയ്ക്ക് അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. ആയത് 360/18/DPC/PO/KNR തീയതി 26.3.2018 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട് .

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 884 | 2,56,217 | 2,57,101 | 2,55,094 | 2,007 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 1,21,63,151 | 1,21,63,151 | 1,21,63,151 | |
| | 884 | 1,24,19,368 | 1,24,20,252 | 1,24,18,245 | 2,007 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 94,680 | 70 |
| കർഷകതൊഴിലാളി പെൻഷൻ | 35,31,600 | 319 |
| വിധവാപെൻഷൻ | 1,20,97,700 | 1041 |
| വാർദ്ധക്യകാലപെൻഷൻ | 2,55,37,100 | 2251 |
| വികലാംഗപെൻഷൻ | 40,62,400 | 333 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 42,73,500 | 370 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.6.2019 -11.30 am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,193 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ 1.6.2018 ന് ഓഫീസിലെ മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി സമഗ്രമായ ചുമതലാവിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് ഓർഡർ ബുക്കിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻപതിവേട് രജിസ്റ്റർ, റണ്ണിംഗ് നോട്ട്

എന്നിവ സൂക്ഷിച്ചിട്ടില്ല. സൂചിക സോഫ്റ്റ് വെയറിൽ ഇവ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2018-19 - ൽ ഓഫീസ് മീറ്റിംഗ് കാര്യക്ഷമമായി ചേർന്നിട്ടുണ്ടെങ്കിലും ചില മാസങ്ങളിൽ (10/18, 3/19) യോഗം കൂടിയിട്ടില്ല. ഇൻകംബെൻസി മാസ്റ്റർ രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി തയ്യാറാറാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും, എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നില്ല.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നില്ല . സ്റ്റാഫ് മീറ്റിംഗുകളിൽ കമ്മിറ്റി അംഗങ്ങളുടെ പങ്കാളിത്തം ഉണ്ടായിട്ടില്ല

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ,വസ്തുനികുതി ഡിമാന്റ്, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി & ഒ രജിസ്റ്റർ ,വാപാരികളുടെ പട്ടിക എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട് .എന്നാൽ ക്രമവത്ക്കരണ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ മുതലായവ സൂക്ഷിച്ചിട്ടില്ല .

രജിസ്റ്ററുകളും രേഖകളും ശരിയായി എഴുതിസൂക്ഷിക്കുകയും മേലുദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടച്ചുമതലകൾ നിർവ്വഹിക്കുയും ചെയ്യാലേ ഗ്രാമപഞ്ചായത്തിന്റെ സുതാര്യവും സുഗമവുമായ നടത്തിപ്പ് സാദ്ധ്യമാകുകയുള്ളൂ.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.5.2019 | 1.3.2019 മുതൽ 30.4.2019 വരെ | 1.6.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.10.2014 | 2009-10 മുതൽ 2013-14 വരെ | 30.10.2014 |

# 1-12 വാർഷിക കണക്കിലെ അപാകങ്ങൾ.

| | |
|---|---|
| 1. | സംയുക്ത പ്രോജക്ട് നീക്കിയിരിപ്പിൽ, പാനൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയ ₹2500 ഉൾപ്പെട്ടിട്ടുണ്ട്. |
| 2. | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. |

| | |
|---|---|
| 3. | നിർവ്വഹണാധികാരികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന നിയമപരമായ നികുതികൾ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല. |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പാർപ്പിടാവശ്യത്തിനായി വസ്തുനികുതി ഒടുക്കുന്ന കെട്ടിടങ്ങളിൽ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4, ഉപചട്ടം 1 പ്രകാരം വസ്തു നികുതി നിർണ്ണയിക്കുന്നതിലേക്കായി പഞ്ചായത്തു പരിധിയിലുള്ള കെട്ടിടങ്ങളെ അവയുടെ ഉപയോഗക്രമമനുസരിച്ച് പാർപ്പിടാവശ്യത്തിനുള്ളവ, വാണിജ്യാവശ്യത്തിനുള്ളവ എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. ഓരോ വ്യത്യസ്ത ഗണത്തിൽപ്പെട്ടവയും അവയുടെ ഉപയോഗക്രമത്തിനനുസരിച്ചാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത്. 2018-19 വർഷത്തെ വാർഡ് അടിസ്ഥാനത്തിലുള്ള ഡി & ഓ ലൈസൻസ് ഡിമാൻഡ് രജിസ്റ്ററിൽ വാണിജ്യാവശ്യത്തിനായി ഡി&ഓ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ചിലവ പാർപ്പിടാവശ്യത്തിനായിട്ടാണ് വസ്തുനികുതി നിർണ്ണയം നടത്തിയതെന്ന് കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| വാർഡ് | ഡിമാൻഡ് രജിസ്റ്ററിലെ ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് | ലൈസൻസിയുടെ പേര് | വാണിജ്യ ഇനം | സഞ്ചയ സോഫ്റ്റ്വെയറിലെ ഉപയോഗക്രമം |
|---|---|---|---|---|---|---|
| 1 | 7 | 395 | വലിയപുരയിൽ കേശവൻ | വി.പി.പ്രകാശൻ | ഫർണ്ണിച്ചർ വർക്സ് | പാർപ്പിടാവശ്യം |
| 2 | 15 | 15 | വടക്കെക്കരമ്മൽ പൊമ്മിലേരി മാലതി | മാലതി കെ | ബേക്കറി നിർമ്മാണം | പാർപ്പിടാവശ്യം |
| 3 | 16 | 46 | കെ എം പത്മിനി,എം സി ശ്രീജൻ | കണ്ടാഞ്ചേരി ബാലൻ | സ്റ്റേഷനറി | പാർപ്പിടാവശ്യം |
| 3 | 18 | 57 | വലിയപുരയിൽ | ബിജു തോമസ് | ഇലക്ട്രിക്കൽ | പാർപ്പിടാവശ്യം |

| | | | | | | |
|---|---|---|---|---|---|---|
| | | | നാരായണി മുതൽ പേർ | | വിൽപന | |
| 3 | 18 | 58 | വി പി ശ്രീമതി | ബിജ്ജു തോമസ് | ഇലക്ട്രിക്കൽ വിൽപന | പാർപ്പിടാവശ്യം |
| 3 | 50 | 328 | ചിങ്ങൻ നാരായണൻ | ഇസ്മായീൽ എ.കെ | സ്റ്റേഷനറി | പാർപ്പിടാവശ്യം |
| 3 | 5 | 416 | കോടങ്ങാട്ട് പുല്ലമ്പി പാത്തുമ്മ | ആലക്കാടൻ വാസു | സ്റ്റേഷനറി | പാർപ്പിടാവശ്യം |
| 3 | 30 | 448 | എരട്ടാങ്കണ്ടി സുബൈദ, മുഹമ്മദ് ലുക്ക്മാൻ, മുഹമ്മദ് സൌദ | സഫീന സി. | ടൂർസ് ആൻഡ് ട്രാവൽസ് | നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട കെട്ടടം |
| 5 | 1 | 505 | എടച്ചോളി കിനാത്തി പത്മിനി | സച്ചിൻ ടി. | അനാദി | പാർപ്പിടാവശ്യം |
| 5 | 8 | 220 | പി.എൻ.ഹനീഫ | ഫൈസൽ എം. | സോഫാ,കർട്ടൺ വർക്ക് | പാർപ്പിടാവശ്യം |
| 7 | 10 | 228 | പാറക്കണ്ടി രോഹിണി | കെ.പി. മോഹനൻ | അനാദി | പാർപ്പിടാവശ്യം |
| 9 | 9 | 235 | പടിഞ്ഞാറ്റ ചാലിൽ രാജേഷ് | ആനന്ദ കൃഷ്ണൻ പി. | ചപ്പാത്തി നിർമ്മാണം | പാർപ്പിടാവശ്യം |
| 11 | 2 | 267 | പടിക്കലോട്ടി രാജൻ | പടിക്കലോട്ടി രാജൻ | അനാദി | പാർപ്പിടാവശ്യം |
| 11 | 4 | 370 | ചിറായി ഷാജി | എൻ.ഭാസ്കരൻ | സ്റ്റേഷനറി | പാർപ്പിടാവശ്യം |

വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിടം പാർപ്പിടാവശ്യത്തിനായി വസ്തു നികുതി നിർണ്ണയം നടത്തി പ്രവർത്തിക്കുന്നതുമൂലം വസ്തുനികുതി ഇനത്തിൽ ലഭ്യമാകേണ്ടിയിരുന്ന അധിക തുക പഞ്ചായത്തിനു നഷ്ടമായി.ആയതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക്(നം.7/24.06.19)മേൽ അപാകം പരിശോധന നടത്തി പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡി & ഓ ലൈസൻസ് ഡിമാൻഡ് രജിസ്റ്ററിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളുടെയും കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ച് ആയവ വാണിജ്യ/വ്യവസായ ആവശ്യത്തിനാണ് വസ്തുനികുതി നിർണ്ണയം നടത്തിയതെന്ന് ഉറപ്പുവരുത്തുകയും അല്ലാത്തവ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയുംസർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 5 പ്രകാരം പുനർനിർണ്ണയിക്കേണ്ടതുമാണ്.

## 2-2 എഫ്. റ്റി. ഇ ആൻഡ് ഓ ലൈസൻസ് ഫീ നിർണ്ണയിച്ച മാനദണ്ഡം വ്യക്തമല്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ടുള്ള 31.10.2017 തിയതിയിലെ ജി.ഒ.(പി) 80/2017 നം വിജ്ഞാപന പ്രകാരമാണ് നിലവിൽ എഫ്. റ്റി. ഇ ആൻഡ് ഓ ലൈസൻസ് ഫീ ഈടാക്കുന്നത്. ഭേദഗതി പ്രകാരം മൂലധന ചെലവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിർണ്ണയിക്കേണ്ടത്. ആയതു പ്രകാരം ഈടാക്കേണ്ടുന്ന ലൈസൻസ് ഫീസ് ചുവടെ ചേർക്കുന്നു.

| ഇനം | ഈടാക്കാവുന്ന പരമാവധി ഫീസ് |
|---|---|
| മൈക്രോ എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 25,00,000ൽ കവിയാത്തവ,സേവന മേഖലയിൽ 10,00,000 ൽ കവിയാത്തവ ) | 500 |
| മിനി എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 25,00,000 ന്റെ മുകളിലും 1,00,00,000 ക്ക് താഴെ,സേവന മേഖലയിൽ 10,00,000 ന്റെ മുകളിലും 50,00,000ന്റെ താഴെ ) | 1,000 |
| സ്മോൾ എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 1,00,00,000 ക്ക് മുകളിലും5,00,00,000 ക്ക് താഴെയും,സേവന മേഖലയിൽ 50,00,000 ന്റെ മുകളിലും 2,00,00,000ക്ക് താഴെയും ) | 5,000 |
| മീഡിയം എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 5,00,00,000 ന്റെ മുകളിലും 10,00,00,000 ക്ക് താഴെ,സേവന മേഖലയിൽ 2,00,00,000 ക്ക് മുകളിലും 5,00,00,000ന്റെ താഴെ) | 10,000 |
| ലാർജ് എൻർപ്രൈസസ്(മൂലധന നിക്ഷേപം നിർമ്മാണ മേഖലയിൽ 10,00,00,000 ക്ക് മുകളിലും ,സേവന മേഖലയിൽ 5,00,00,000 ക്ക് മുകളിലും ) | 15,000 |

എന്നാൽ എഫ്. റ്റി. ഇ ആൻഡ് ഓ ലൈസൻസ് അപേക്ഷകളിലെ അന്വേഷണക്കുറിപ്പുകളിൽ മൂലധനചെലവ് രേഖപ്പെടുത്താതെയാണ് ലൈസൻസ് ഫീ നിശ്ചയിച്ചിരിക്കുന്നത്.അതിനാൽ ഈടാക്കിയ ലൈസൻസ് ഫീ കൃത്യമാണോയെന്ന പരിശോധിക്കാൻ സാധിച്ചിട്ടില്ല. അന്വേഷണക്കുറിപ്പുകളിൽ മൂലധനചെലവ് രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 ഗ്രാമപഞ്ചായത്തുപരിധിയിലുള്ള മുഴുവൻ വളർത്തുനായ്ക്കൾക്കും ലൈസൻസ് എടുക്കേണ്ടതാണ്.

1998 ലെ കേരളാ പഞ്ചായത്തിരാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3, ഉപചട്ടം 1 പ്രകാരം ലൈസൻസ് കൂടാതെ ഗ്രാമപഞ്ചായത്തു പ്രദേശത്തു യാതൊരാളും പട്ടികളെ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ല. കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2017-22 വികസന രേഖ പേജ് 106 പ്രകാരം പഞ്ചായത്തു പരിധിയിൽ 411 വളർത്തു നായ്ക്കളുണ്ട്. എന്നാൽ 2018-19 വാർഷിക ധനകാര്യപത്രിക പ്രകാരം നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് ഇനത്തിലെ വരുമാനം ₹ 210 മാത്രമാണ്. ആയതിൽ നിന്നും ഗ്രാമപഞ്ചായത്തു പരിധിയിൽ വളർത്തുന്ന ഭൂരിഭാഗം നായ്ക്കൾക്കും വേണ്ടി ലൈസൻസ് എടുത്തിട്ടില്ലെന്ന് അനുമാനിക്കാം. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.8/24.06.19) വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുക്കുന്നതിനുവേണ്ടി ഗ്രാമസഭ,ജനപ്രതിനിധികൾ മുഖാന്തിരം അറിയിപ്പ നൽകിയിരുന്നുവെന്നും എന്നാൽ ഇരുപത്തിയൊന്നു പേർ മാത്രമാണ് ലൈസൻസിനാവശ്യമായ അപേക്ഷകൾ സമർപ്പിച്ചതെന്നും മറുപടി നൽകിയിട്ടുണ്ട്. ഗവ.വെറ്റിനറി ഹോസ്പിറ്റലിൽ നിന്നും കുത്തിവയ്പിനായി കൊണ്ടുവരുന്ന വളർത്തുനായ്ക്കളുടെ ലിസ്റ്റ് ലഭിക്കുന്നതാണ്. അതിൽ നിന്നും ലൈസൻസ് എടുക്കാത്തത് കണ്ടുപിടിക്കാവുന്നതാണ്. ആയവർക്ക് കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1998 ,ചട്ടം 5,ഉപചട്ടം (1) അനുശാസിക്കും പ്രകാരം 250 രൂപവരെ പിഴ ശിക്ഷ ചുമത്താവുന്നതാണ്.(1)-ാം ഉപചട്ടത്തിൽ പറയുന്ന കുറ്റകൃത്യം തുടരുന്ന സംഗതിയിൽ അപ്രകാരം തുടരുന്ന ഓരോ ദിവസത്തേക്കും കുറ്റസ്ഥാപനത്തിൻമേൽ 50 രൂപ വരെ പിഴശിക്ഷ ചുമത്താവുന്നതാണ്. ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 2-4 ക്രമവൽകരണ രജിസ്ട്രർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം-J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി

അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിക്കാതെ പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽക്കരണത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. ക്രമവൽകരണ ഫീസ് ഇനത്തിൽ ₹59,870 ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്ററർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായില്ല. കെട്ടിട നിർമാണ പെർമിറ്റ് നൽകുന്നതും, ക്രമവൽകരണവും സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസറ്ററുകൾ കൃത്യതയോട് കൂടി സൂക്ഷിക്കേണ്ടതും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 2-5 ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല

2018-19 വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറംവില ₹1,10,141 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽനിന്നും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ആയത് ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാഹനങ്ങളുടെ ഇൻഷൂറൻസ് :- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

കതിരൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാരുതി സുസുകി ആമ്പുലൻസിന്റെ ഇൻഷൂറൻസ് (വൗച്ചർ നം. 21800368/19.07.18 -8670രൂപ), നാഷനൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിലാണ് ഇൻഷൂർ ചെയ്തിരിക്കുന്നത്. എന്നാൽ 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ പ്രകാരം എല്ലാ സർക്കാർ വാഹനങ്ങളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലാണ് ഇൻഷൂർ ചെയ്യേണ്ടത്. ആയതിനാൽ ഭാവിയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുഴവൻ വാഹനങ്ങളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ഇൻഷൂർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം -ഉപയോഗിക്കുന്ന വെള്ളത്തിന് മാത്രമെ വെള്ളക്കരം ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

കതിരൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള 36 പൊതുകുടിവെള്ള ടാപ്പുകളുടെ

വെള്ളക്കരമായി പ്രതിമാസം 15750/- രൂപ വീതം 2018-19 വർഷം ആകെ 1,89,000 /- രൂപ വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. എന്നാൽ 36 കുടിവെള്ളടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളത് ഏതെല്ലാം വാർഡുകളിൽ എത്ര വീതമാണെന്ന് വ്യക്തമാക്കുന്ന യാതൊരു രേഖകളും പഞ്ചായത്തിൽ ലഭ്യമല്ല. പ്രവർത്തന ക്ഷമമായതും, പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതുമായ ടാപ്പുകൾക്കാണ് വെള്ളക്കരമൊടുക്കിവരുന്നത് എന്ന് ഉറപ്പുവരുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന വെള്ളത്തിന് മാത്രമെ വെള്ളക്കരം ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 12 /18-19/ 24.06-19 ന് കൃത്യമായ മറുപടി ലഭ്യമാക്കിയിട്ടില്ല)

# 3-3 ഐ കെ എം ന് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യ പത്രം - ഹാജരാക്കിയില്ല

| | | |
|---|---|---|
| 1 | നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| | പ്രോജ്കട് നമ്പർ /പേര് | 18/19 ഐ കെ എമ്മി ന് വിഹിതം നൽകൽ |
| | അടങ്കൽ | 58,763 വികസന ഫണ്ട് |
| | ചെലവ് | 58,763 വികസന ഫണ്ട് |
| | ബിൽ നം/തിയ്യതി | 04/30.06.2018 |

പ്രൊജക്ട് പ്രകാരം 2018-19 സാമ്പത്തികവർഷത്തിൽ ഐ കെ എമ്മിന് നൽകേണ്ട പ്രവർത്തന ഫണ്ടായ 58,763/- രൂപ മേൽ പരാമർശിച്ച ബിൽ പ്രകാരം ഐ കെ എം എക്സിക്യൂട്ടിവ് ഡയരക്ടർക്ക് നൽകുന്നതിനായി പിൻവലിച്ചിട്ടുണ്ട്. തുക ഐ കെ എം കൈപ്പറ്റിയതിന്റെ രശീത്, പ്രവർത്തനഫണ്ട് പൂർണ്ണമായും വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 18 /17-18) 24.06-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

# 3-4 എൽ പി ജി ക്രിമറ്റോറിയം -

# എ.എം.സി,എഗ്രിമെന്റ് ഹാജരാക്കിയില്ല- 1,31,250/- രൂപ തടസ്സപ്പെടുത്തുന്നു

<table>
<tr><td>നിർവ്വഹണ ഉദ്യോഗസ്ഥൻ</td><td colspan="2">സെക്രട്ടറി</td></tr>
<tr><td>പ്രോജ്കട് നമ്പർ പേര്</td><td colspan="2">140/19 കതിരൂർ ഗ്രാമ പഞ്ചായത്ത് ആധുനീക ഗ്യാസ് ക്രിമറ്റോറിയം എ എം സി പ്രവൃത്തി</td></tr>
<tr><td>അടങ്കൽ</td><td colspan="2">1,31,250(തനത് ഫണ്ട്)</td></tr>
<tr><td rowspan="2">ചെലവ്</td><td rowspan="2">1,31,250(തനത് ഫണ്ട്)</td><td>വൗച്ചർ നം. 21800330/11.07.18-<br>43750/-</td></tr>
<tr><td>വൗച്ചർ നം. 21801310/27.03.19-<br>87500</td></tr>
</table>

കതിരൂർ ഗ്രാമപഞ്ചായത്തിലെ ആധുനീക ഗ്യാസ് ക്രിമറ്റോറിയത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ വാർഷിക പരിപാലന ഉടമ്പടി പ്രകാരം 2018-19 വർഷം 1,31,250/- രൂപ ഹൈ ടെക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ്, പാനായിക്കുളം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്ഥാപനവുമായി ഉണ്ടാക്കിയ പരിപാലന വ്യവസ്ഥകളും കാലാവധിയും വ്യക്തമാക്കുന്ന കരാർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഹൈ ടെക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ഉണ്ടാക്കിയ കരാറും സ്ഥാപനം കരാർ വ്യവസ്ഥകൾ പാലിച്ച് പ്രവർത്തി നടത്തിയതിന്റെയും രേഖകളും പരിശോധനക്കായി ഹാജരാക്കാത്തതിനാൽ കരാർ വ്യവസ്ഥകൾ പൂർണ്ണമായും സ്ഥാപനം പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ ₹ 1,31,250/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുമായി ബന്ധപ്പെട്ട എഗ്രിമെന്റും രേഖകളും പരിശോധനക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-5 എം ആർ എഫ് സെന്ററിലേക്ക് ഷ്രഡിംഗ് യൂനിറ്റ്, ഡസ്റ്റ് റിമൂവർ എന്നിവ വാങ്ങൽ- പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 10,42,345 തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജ്കട് നമ്പർ പേര് | 139 /19 എം ആർ എഫ് സെന്ററിലേക്ക് ഷ്രഡിംഗ് യൂനിറ്റ്, ഡസ്റ്റ് റിമൂവർ എന്നിവ വാങ്ങൽ | |
| അടങ്കൽ | 1,50,000സംസ്ഥാനാവിഷ്കൃത ഫണ്ട് | |
| ചെലവ് | 10,42,345 | വൗച്ചർ നം. 286/27.06.18- 9,82,943/- (ചെക്ക് നം |
| | | വൗച്ചർ നം. 822/24.12.18- 59,402/- |

1. എം ആർ എഫ് സെന്ററിലേക്ക് ഷ്രഡിംഗ് യൂനിറ്റ്, ഡസ്റ്റ് റിമൂവർ എന്നിവ വാങ്ങൽ എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഷ്രഡിംഗ് യൂണിറ്റ് വാങ്ങുന്നതിലേക്കായി ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് എസ്റ്റിമേറ്റ് പ്രകാരം 9,82,943/- രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്. ക്ലീൻ കേരള കമ്പനിയുമായി ഉണ്ടാക്കിയ കരാർ നം. 7/17-18/31.03.18 ൽ ഖണ്ഡിക 29 .4 പ്രകാരം കമ്പനി നൽകുന്ന കംപ്ലീഷൻ റിപ്പോർട്ട് കിട്ടി 7 ദിവസത്തിനകം തദ്ദേശഭരണ സ്ഥാപനം പ്രോജക്ട് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുക വിനിയോഗിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ഇൻസ്റ്റലേഷൻ സാക്ഷ്യപത്രം, ക്ലീൻ കേരള കമ്പനി ഹാജരാക്കിയ കംപ്ലീഷൻ റിപ്പോർട്ട്, തദ്ദേശഭരണ സ്ഥാപനം കമ്പനിക്ക് നൽകിയ പ്രോജക്ട് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, പദ്ധതി പൂർത്തിയാക്കിയതിന് ശേഷം ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയിൽ നിന്ന് ലഭ്യമാക്കിയ മോണിറ്ററിംഗ് റിപ്പോർട്ട്, എം ആർ എഫ് സെന്ററിൽ ഷ്രഡിംഗ് യൂനിറ്റ്, ഡസ്റ്റ് റിമൂവർ എന്നിവ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ച തിയ്യതി, പ്രവൃത്തി പൂർത്തിയായതിന് ശേഷം സ്ഥാപനം ഹാജരാക്കിയ ഫൈനൽ ബിൽ എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

2. വൗച്ചർ നം. 822/24.12.18 പ്രകാരം എം ആർ എഫ് സെന്ററിലേക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് കെ എസ് ഇ ബി യുടെ എസ്റ്റിമേറ്റ് പ്രകാരം 59,402/- രൂപ കതിരൂർ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തി

പൂർത്തിയാക്കിയതിന്റെ കെ എസ് ഇ ബി ൽ നിന്നുള്ള സാക്ഷ്യപത്രം, തുക ക്രമീകരിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽ ഖണ്ഡികകളിൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ ₹ 10,42,345 തടസ്സപ്പെടുത്തുന്നു. ഖണ്ഡികയിൽ പരാമർശിച്ച രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-6 കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായ ഇലക്ട്രിഫിക്കേഷൻ ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല-

പ്രോജക്ട് നമ്പർ - 155/19 (സ്പിൽ ഓവർ)

- പിഎച്ച്സി കതിരൂരിൽ ഫിറ്റനസ് സെന്ററും തെറാപ്പി സെന്ററും നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ

എസ്റ്റിമേറ്റ് - ₹ 22,00,000

അടങ്കൽ - മെയിന്റനൻസ് ഫണ്ട്(റോഡിതരം)- ₹2175386

തനത് ഫണ്ട് - ₹24614

ആകെ - ₹2200000

ചെലവ് -₹1364666 ബിൽ നമ്പർ -7/18-19,01-10-18

- ₹545805 ബിൽ നമ്പർ -8/18-19, 19-12-18.

ആകെ - ₹1910471

എം.ബുക്ക് നമ്പർ - 118/18 , 219/18 ,222/18 ,223/18

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പിഎച്ച്സി വിപുലീകരിക്കുന്നതിനാണ് മേൽ പദ്ധതി ലക്ഷ്യമിട്ടത് . 90 ച.മീ പ്ലിന്ത് ഏരിയ ഉള്ള ഈ പ്രവൃത്തിക്ക് ₹ 22,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തതിൽ ₹ 2197877.13 ക്വാട്ട് ചെയ്ത് ശ്രീ.പി.മനോഹരൻ എന്നവർക്ക് പ്രവൃത്തി നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 30-05-18 ന് പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ കാണിച്ച ബില്ലുകൾ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച്, ഫിറ്റനസ് സെന്ററും തെറാപ്പിസെന്ററും വൈദ്യുതീകരണത്തിനായി 128/19 നമ്പർ പ്രോജക്ടായി പ്രത്യേകം തുക വകയിരുത്തുകയും 12-12-18 ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു . സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച വിവരം ആരാഞ്ഞ്കൊണ്ട് 21/18-19 തീയതി-26-06-19 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് പ്രവർത്തനം

തുടങ്ങിയിരിക്കുന്നതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ നിർമ്മാണ പ്രൊജക്ടുകളിൽ കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായ ഇലക്ട്രിഫിക്കേഷൻ പ്ലംബിങ്ങ് തുടങ്ങിയവ ആദ്യ എസ്റ്റിമേറ്റിൽ തന്നെ ഉണ്ടാവണമെന്ന് നിഷ്കർഷിക്കുന്നു . എന്നാൽ ആദ്യ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടുത്തുന്നില്ല . നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് 6 മാസത്തിനുശേഷമാണ് ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ചത്. പദ്ധതിപ്രകാരമുള്ള ലക്ഷ്യം നേടുന്നതിനു സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനും കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായ ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ ഇനങ്ങൾ ആദ്യ എസ്റ്റിമേറ്റിൽ തന്നെ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ടിന്റെപേര് – ജില്ലാപഞ്ചായത്ത് വിഹിതം കൂടി ഉൾപ്പെടുത്തി കതിരൂർ ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാർക്കുള്ള സാംസ്കാരിക നിലയം നിർമ്മാണം.

പ്രോജക്ടിന്റെ നമ്പർ - 156/19 (സ്പിൽ ഓവർ-141/18)

അടങ്കൽ : ₹ 5000 തനത് ഫണ്ട്

: ₹ 30,00,000 ജില്ലാപഞ്ചായത്ത് ഫണ്ട്

ആകെ : ₹ 30,05,000

ചെലവ് തുക : ₹ 14,87,174 ചെക്ക് നമ്പർ : 8425696,29-11-18

₹ 14,15,854 ചെക്ക് നമ്പർ : 5373373 27-03-19

ആകെ : ₹ 2903028

കരാറുകാരൻ : ശ്രീ. അജീന്ദ്രൻ

കരാർ : 36 /17-18 / 17-01-18

കരാർ തുക : ₹ 30,03,652.38

അളവ് പുസ്തകം : 80/18 ,98/18 ,107/18 , 111/18 ,224/18 ,225/18

പ്രവൃത്തി ആരംഭിച്ച തീയ്യതി : 17-01-18

പ്രവൃത്തി പൂർത്തിയാക്കേണ്ടിയിരുന്ന തീയ്യതി - 17-07-18

പ്രവൃത്തി പൂർത്തിയാക്കിയ തീയ്യതി : 28-12-18

പ്രവൃത്തി പൂർത്തിയാക്കാൻ കൂടുതലായി എടുത്ത സമയം: 164ദിവസം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി കരാറുകാർ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല. കരാർ ഉടമ്പടി പ്രകാരം നിശ്ചിത കാലാവധിയുടെ നാലിൽ ഒന്ന് സമയം (25%) കരാർ തുകയുടെ 1% തുക (മിനിമം ₹1000 പരമാവധി ₹50,000) പിഴ ചുമത്തികൊണ്ടും അതിൽ കൂടുതൽ വരുന്ന സമയത്തിന് (പരമാവധി 50% കാലാവധി) രണ്ട് ശതമാനവും (മിനിമം ₹2000 പരമാവധി ₹1,00,000) പിഴചുമത്തികൊണ്ടും മാത്രമേ കാലാവധി നീട്ടിക്കൊടുക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാറുകാരൻ കൂടുതൽ സമയം ആവശ്യപ്പെടുകയോ അത് അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല. യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 30/27-06-19 ) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് തുക നൽകുമ്പോൾ കരാർ വ്യവസ്ഥ പ്രകാരം പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ പിഴയായി തുകയൊന്നും ഈടാക്കിയിട്ടില്ല. കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന പിഴ കണക്കാക്കി ഈടാക്കേണ്ടതാണ്.

## 3-8 ഒഴിഞ്ഞ ടാർ ബാരൽ വിലയുടെ ജി.എസ്.ടി , ജി എസ് ടി വകുപ്പിൽ ഒടുക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ നിന്നും ഒഴിഞ്ഞ ടാർ ബാരൽ വിലയുടെ ജി.എസ്.ടി (sale of empty barrels GST) ഈടാക്കിയിട്ടുണ്ട്. എന്നാൽ ജി.എസ്.ടി. ഇനത്തിൽ ഈടാക്കിയ തുക സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി.അക്കൗണ്ടിലാണ് (72203140000006) ക്രഡിറ്റ് ചെയ്തിട്ടുള്ളത് . ഇപ്രകാരം ഈടാക്കുന്ന തുകകൾ ജി.എസ്.ടി വകുപ്പിൽ അടവാക്കുന്നത് സംബന്ധിച്ച വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-21/25-06-19) നൽകിയ മറുപടിയിൽ ജി.എസ്.ടി. ഇനത്തിൽ ഈടാക്കിയ തുക സെക്രട്ടറിയുടെ ടാക്സ്പേയർ അക്കൌണ്ട് വഴിയാണ് അടക്കേണ്ടതെന്നും ജി.എസ്.ടി വകുപ്പിൽ അടവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട് . പ്രസ്തുത തുക ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-9 മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകങ്ങൾ

1. തുക മുൻകൂർ നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രോജക്ട് നമ്പർ : 102/19

പ്രോജക്ടിന്റെ പേര് : എൻ.ആർ.എച്ച്.എം.ഹോമിയോ ഡിസ്പെൻസറിക്കും ഗവ.ഹോമിയോ ഡിസ്പെൻസറിക്കും മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹ 3,03,170

ചെലവു തുക : ₹215230 ബിൽ നമ്പർ/തീയ്യതി : 1/18-19/18-12-18

₹84770 ബിൽ നമ്പർ/തീയ്യതി : 2/18-19/18-12-18

എൻ.ആർ.എച്ച്.എം.ഹോമിയോ ഡിസ്പെൻസറിക്കും ഗവ.ഹോമിയോ ഡിസ്പെൻസറിക്കും മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം മുൻകൂറായി ₹ 3,00,000 കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. മേൽ തുകയ്ക്കുള്ള മരുന്ന് ഹോംകോയിൽ നിന്ന് ഇതുവരെ ലഭ്യമായിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.29/26.6.19)മറുപടി ലഭ്യമായിട്ടില്ല.മരുന്ന് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ഒരേ ലക്ഷ്യത്തോടെ രണ്ട് പ്രൊജക്ടുകൾ - പദ്ധതി ആസൂത്രണത്തിലെ വീഴ്ച

പ്രോജക്ട് നമ്പർ : 104/19

പ്രോജക്ടിന്റെ പേര് : ഹോമിയോ സാന്ത്വന ചികിൽസ 2018-19

വകയിരുത്തിയ തുക : ₹ 50,000

ചെലവു തുക : ₹30,000 ബിൽ നമ്പർ/തീയ്യതി : 3/18-19/18-12-18

₹15,266 ബിൽ നമ്പർ/തീയ്യതി : 4/18-19/15-03-19

ഹോമിയോ മരുന്നിനെ ആശ്രയിക്കുന്ന, കിടപ്പിലായ രോഗികളെ ശുശ്രൂഷിക്കുന്നതിനും അവർക്ക് ആവശ്യമായ മരുന്നുകൾ എത്തിക്കുന്നതിനുമാണ് മേൽ പ്രോജക്ട്. മരുന്ന്, സ്റ്റെതസ്കോപ്പ് ഉൾപ്പെടെയുള്ള പരിശോധനാ സാമഗ്രികൾ ,ഒരു എയർ ബെഡ് വാങ്ങൽ, ഓട്ടോക്കൂലി എന്നിവയാണ് ചെലവ്. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥയായി സാന്ത്വന ചികിത്സ പ്രോജക്ട് എല്ലാ വർഷവും നടത്തിവരുന്നുണ്ട്.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സംബന്ധിച്ച സ.ഉ.(സാധാ)നം.3217/15 തി.29.10.15 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് പോകുന്നതിനായി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി രൂപീകരിക്കുന്ന പാലിയേറ്റിവ് കെയർ നിർവ്വഹണ കമ്മറ്റിയിൽ മെഡിക്കൽ ഓഫീസർ, ഹോമിയോപ്പതിയും അംഗമാണ്.മേൽ ഉത്തരവ് ഖണ്ഡിക 2.6.2.(4),(5) പ്രകാരം ഹോം കെയർ പരിചരണം ആവശ്യമായ രോഗികളിൽ ഹോമിയോ ചികിൽസ ഫലപ്രദമായ രോഗികൾക്ക് കുടുംബാംഗങ്ങളുടെ സമ്മതത്തോടെ മാസത്തിലെ ഹോം കെയർ ദിനങ്ങളിൽ നാലോ അഞ്ചോ ദിവസം അത്തരം രോഗികളെ പരിചരിക്കുന്നതിനായി മാറ്റി വയ്ക്കാവുന്നതും സർക്കാർ സർവ്വീസിലുള്ള ഹോമിയോ ഡോക്ടറെ ടീമിൽ ഉൾപ്പെടുത്താവുന്നതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഹോമിയോ മരുന്നിനെ ആശ്രയിക്കുന്ന കിടപ്പിലായ രോഗികൾക്ക് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥയായി നടത്തുന്ന പെയിൻ ആൻഡ് പാലിയേറ്റീവ് പ്രോജക്ടിൽ നിന്നു തന്നെ മേൽ സൗകര്യങ്ങൾ ലഭിക്കാനുള്ള സാഹചര്യമുള്ളപ്പോൾ മറ്റൊരു സാന്ത്വന പരിചരണ പ്രോജക്ടിന് പ്രസക്തിയുണ്ടോയെന്ന് ചിന്തിക്കേണ്ടതാണ്. ഒരേ ലക്ഷ്യത്തോടെയുള്ള രണ്ട് പ്രോജക്ടുകൾ ഒരേ സാമ്പത്തിക വർഷം അനുവദിച്ചത് ഭരണസമിതിയുടേയും സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭാഗത്തുനിന്നും പദ്ധതി ആസൂത്രണത്തിൽ സംഭവിച്ച പിഴവാണ്. ആയതിലേക്ക് അടിന്തര ശ്രദ്ധ ക്ഷണിക്കുന്നു. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 സംസ്ഥാന സാക്ഷരതാ മിഷന് കോഴ്സ് ഫീ നൽകൽ - രേഖകൾ ഹാജരാക്കിയില്ല - ₹ 2,00,000 തടസ്സപ്പെടുത്തുന്നു

2018-19 വർഷം നടപ്പിലാക്കിയ തുടർ വിദ്യാഭ്യാസ പദ്ധതികളുടെ ഭാഗമായി താഴെ പട്ടികയിൽ പരാമർശിച്ച പ്രകാരം തുക സംസ്ഥാന സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട് .

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ്മാസ്റ്റർ

| പ്രോജക്ട് നം/പേര് | അടങ്കൽ | നൽകിയ തുക | ബിൽ/വൌച്ചർ നം/തിയ്യതി |
|---|---|---|---|
| 27/19 തുടർ വിദ്യാഭ്യാസ പദ്ധതി (പത്താം തരം, പ്ലസ് വൺ) | 2000(വികസന ഫണ്ട്)<br>1,50,000(തനത് ഫണ്ട്) | 1,50,000 | SB/XY No. 2669696/27.03.19 |
| 162/19 തുടർ വിദ്യാഭ്യാസ പദ്ധതി- ഭാഷാ കോഴ്സ് ഫീസ് | 50,000(തനത് ഫണ്ട്) | 50,000 | 21801323/27.03.19 |

| | | | |
|---|---|---|---|
| നൽകൽ | | | |

പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഹാജരാക്കുന്നതിലേക്കായി ഓഡിറ്റ് അന്വേഷണം നം. 28/18-19/26.06.19നൽകിയെങ്കിലും ഹാജരാക്കുകയുണ്ടായില്ല.

1.പദ്ധതികൾ പ്രകാരം രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ പേര് (പഞ്ചായത്തിലെ തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആകെ 29 പേരുടെ ലിസ്റ്റ് ആണ് ഹാജരാക്കിയിട്ടുള്ളത് )
2.പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെ രേഖകൾ,

3.തുക സംസ്ഥാന സാക്ഷരതാ മിഷൻ കൈപ്പറ്റിയതിന്റെ രേഖകൾ

4. ഓരോ കോഴ്സിനും സാക്ഷരതാമിഷൻ ഫീസ് നിർണ്ണയിച്ചതിന്റെ രേഖകൾ .

മേൽ പരാമർശിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ₹ 2,00,000 **തടസ്സപ്പെടുത്തുന്നു**.രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-12 എസ് എസ് എ പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| | | |
|---|---|---|
| 1 | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, |
| | പ്രോജ്കട് നമ്പർ /പേര് | 16/19 എസ് എസ് എ പഞ്ചായത്ത് വിഹിതം നൽകൽ |
| | അടങ്കൽ | 11,11,617വികസന ഫണ്ട് |
| | ചെലവ് | 11,11,617 വികസന ഫണ്ട് |
| | ബിൽ നം/തിയ്യതി | 2/16.07.18 |

പ്രോജക്ട് പ്രകാരം 2018-19 സാമ്പത്തികവർഷത്തിൽ എസ് എസ് എ പഞ്ചായത്ത് വിഹിതം നൽകൽ എന്ന പദ്ധതിയുടെ ഭാഗമായി 11,11,617 രൂപ ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് പഞ്ചായത്ത് പരിധിയിലുള്ള വിദ്യാലയങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുന്നതിന്, സാക്ഷരതാ മിഷനിൽ നിന്ന് ലഭ്യമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-13 ഐ കാൻ ഇംഗ്ലീഷ് സാക്ഷരതാ പദ്ധതി -

## പങ്കാളികളായ ഗുണഭോക്താക്കളുടെ ഹാജർ വിവരം ലഭ്യമാക്കിയിട്ടില്ല.₹36,316/ തടസ്സപ്പെടുത്തുന്നു

| | | | |
|---|---|---|---|
| 1 | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ | |
| | പ്രോജ്കട് നമ്പർ പേര് | 57/19 ഐ കാൻ ഇംഗ്ലീഷ് സാക്ഷരതാ പദ്ധതി | |
| | അടങ്കൽ | 70,000 (തനത് ഫണ്ട്) | |
| | ചെലവ് | 36,316 | വൗച്ചർ നം. 1172/26.03.19 |

2018-19 വർഷം നടപ്പിലാക്കിയ ഐ കാൻ ഇംഗ്ലീഷ് സാക്ഷരതാ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി മേൽ പരാമർശിച്ച പ്രകാരം 36,316/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (നം25തീയതി26.6.2019 ) നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല.

സാക്ഷരതാ പരിപാടി നടപ്പിലാക്കിയ കാലയളവ്, പരിപാടിയിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ ഹാജർ പട്ടിക, എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 36316 രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 ആർട്ട് ഗ്യാലറി - സംരംക്ഷണം കുറ്റമറ്റതാക്കേണ്ടതാണ്.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ | |
| പ്രോജ്കട് നമ്പർ പേര് | 161/19 ആർട്ട് ഗ്യാലറി - കീപ്പർ കം ലൈബ്രേറിയൻ നിയമനം | |
| അടങ്കല് | 30,000 (തനത് ഫണ്ട്) | |
| ചെലവ്/ ചെക്ക് നം /തിയ്യതി/തുക | 30,000 | SB/XY2669682/08.03.19-67652 |

കതിരൂർ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ആർട്ട് ഗ്യാലറിയുടെ പ്രവർത്തനത്തിലേക്കായി ഒക്ടോബർ/2018 ,നവംമ്പർ/2018, ഡിസംബർ/2018 മാസങ്ങളിൽ 350/- രൂപ ദിവസ വേതന വ്യവസ്ഥയിൽ സജിത്ത്.ടി. വി എന്നവരെ കീപ്പർ കം ലൈബ്രേറിയൻ എന്ന തസ്തികയിൽ ഇന്റർവ്യൂ നടപടികളിലൂടെ നിയമിച്ച് 3 മാസത്തെ വേതനമായി 30,000/- രൂപ നൽകിയിട്ടുണ്ട്.

1. പദ്ധതി പ്രകാരം നിയമിതനായ ജീവനക്കാരന്റെ ചുമതലകൾ, നിയമിച്ച കാലയളവ് എന്നിവ വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മാത്രമല്ല 3 മാസക്കാലത്തേക്ക് മാത്രം ജീവനക്കാരനെ നിയമിക്കാനുണ്ടായ കാരണവും പദ്ധതി പ്രകാരം നിയമിതനായ ജീവനക്കാരൻ 3 മാസക്കാലം ചെയ്തു വന്ന ജോലി ആയതിന് മുൻപും ശേഷവും ആരാണ് നിർവ്വഹിച്ചു വന്നിരുന്നത് എന്ന് വ്യക്തമാക്കിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ ആർട്ട് ഗ്യലറിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നതിനാൽ പ്രവർത്തന സജ്ജമല്ല എന്ന് നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായിട്ടുള്ളതാണ്. പ്രവർത്തി നടന്നുവരുന്ന കാലയളവിൽ ആർട്ട് ഗ്യാലറിയുലെ വസ്തുക്കളുടെ സംരക്ഷണം ഏത് രീതിയിൽ നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാനും നിലവിൽ ആർട്ട് ഗ്യാലറിയിൽ പ്രദർശിപ്പിക്കപ്പെടുന്ന വസ്തുക്കളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കുന്നതിനായും ഓഡിറ്റ് എൻക്വയറി (നം 24 തീയതി 26.6.2019) നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. മേൽ കാരണങ്ങളാൽ കതിരൂർ പഞ്ചായത്തിനെ മറ്റ് പഞ്ചായത്തുകളിൽ നിന്നും വേറിട്ടു നിർത്തുന്ന സവിശേഷതകളിലൊന്നായ ആർട്ട് ഗ്യാലറിയുടെ നിലവിലുള്ള നടത്തിപ്പ് വിലയിരുത്തിക്കൊണ്ട് പോരായ്മകളുണ്ടായിട്ടുണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിൽ പഞ്ചായത്ത് ഭരണ സമിതി ജാഗ്രത ചെലുത്തേണ്ടതാണ്.

# 3-15 സ്പോർട്സ് കോച്ചിംഗ് കായിക ക്ഷമത - പദ്ധതി നിർവ്വഹണത്തിൽ മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചില്ല. 58,700/- രൂപ തടസ്സപ്പെടുത്തുന്നു

| | | | |
|---|---|---|---|
| 1 | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ | |
| | പ്രോജ്കട് നമ്പർ പേര് | 49/19 സ്പോർട്സ് കോച്ചിംഗ് കായിക ക്ഷമത | |
| | അടങ്കല് | 60,000 (വികസന ഫണ്ട്) | |
| | ചെലവ് | 58,700 | 12/05.03.19 |

കതിരൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ സ്പോർട്സ് കോച്ചിംഗ് കായിക ക്ഷമത എന്ന പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 8 സ്കൂളുകളിലെ 41 എൽ പി സ്കൂൾ

വിദ്യാർത്ഥികൾക്ക് സ്പോർട്സിൽ പരിശീലനം നൽകിയിട്ടുണ്ട്. ആയതിന് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം തുക ചെലവാക്കിയിട്ടുണ്ട്.

| | |
|---|---|
| സി. രവീന്ദ്രൻ (പരിശീലകൻ) | 16000 |
| രാഖി. വി (പരിശീലക) | 16000 |
| സ്പോർട്സ് ഉപകരണം (ഹഡിൽസ് ) | 2000 |
| ഭക്ഷണം | 22000 |
| ലൈറ്റ് & സൌണ്ട് | 1500 |
| മൊഡ്യൂൾ തയ്യാറാക്കൽ( എം.പി പ്രദീപ്കുമാർ) | 1200 |
| ആകെ | 58700 |

പദ്ധതി മാർഗ്ഗ രേഖ സ ഉ (കൈ) നം. 22/2018/തസ്വഭവ/14.02.18 ഖ 7.3.3 പ്രകാരം എൽ പി എസ് കുട്ടികളിൽ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനന് ക്ലാസ് ടീച്ചറുടെ സാന്നിധ്യത്തിൽ സ്കൂൾ പി ടി പിരിഡിൽ കമ്മ്യൂണിറ്റി സ്പോർട്സ് ലീഡേഴ്സിന്റ/സ്പോർട്സ് അക്കാദമിയുടെ സഹായത്തോടെ പ്രത്യേകമായി രൂപകല്പന ചെയ്ത ഉപകരണങ്ങളും ഉപയോഗിച്ച് പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഖ 7.6.12 പ്രകാരം കുട്ടികൾക്കുള്ള പരിശീലന പരിപാടികൾക്കായി സ്പോർട്സ് അക്കാദമിയുടെ സഹകരണത്തോടെ അത്‌ലറ്റിക് മത്സരങ്ങളും പരിശീലന പരിപാടികളും സംഘടിപ്പിക്കാവുന്നതും ഇതിനായി ബ്ലോക്ക് പഞ്ചായത്ത്തലത്തിൽ/നഗരസഭാതലത്തിൽ 30,000/- രൂപവരെ ചെലവാക്കാവുന്നത്. പരിശീലനത്തിനാവശ്യമായ കായികക്ഷമത ഉപകരണങ്ങൾ, പരിശീലന ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത്തലത്തിൽ/നഗരസഭാതലത്തിൽ പദ്ധതി ഏറ്റെടുക്കാവുന്നതാണ്. മേൽ പരാമർശിച്ച പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 8 സ്കൂളുകളിൽ നിന്നും തെരഞ്ഞെടുത്ത് 41 കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് 58,700/- രൂപ ചെലവഴിച്ചത് മാർഗ്ഗരേഖക്ക് വിരുദ്ധമാണ്.

മേൽ പരാമർശിച്ച നിബന്ധനകളിൽ നിന്നും വ്യത്യസ്തമായി പദ്ധതി നടപ്പിലാക്കാനുണ്ടായ കാരണം വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി (നം 26തീയതി26.6.2019) നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തിയതിനാൽ ചെലവ് തുകയായ 58,700 രൂപ തടസ്സപ്പെടുത്തുന്നു

# 3-16 യുവജനങ്ങൾക്ക് കോച്ചിംഗ് ക്യാമ്പ്-കണ്ണൂർ ഗെയിംഫെസ്റ്റ് -അപാകങ്ങൾ - ചെലവ് തുക₹82,985 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി.

പ്രോജക്ട് നം - 53/18-19

അടങ്കൽ - തനത് ഫണ്ട് - ₹ 120000

ജില്ലാ പഞ്ചായത്ത് വിഹിതം - ₹ 20000

ആകെ - ₹ 140000

ചെലവ് - തനത് ഫണ്ട് - ₹ 82985 (ചെക്ക് നം. 238859, തീ-11-03-19 ₹18235

ചെക്ക് നം. 255238 ,തീ29-03-19 ₹64750)

കായിക വികസനം ലഭ്യമാക്കിക്കൊണ്ടുള്ള പ്രോത്സാഹനവും അതിന്റെ ഭാഗമായി ഫൂട്ട്ബോൾ , വോളിബോൾ,കബഡി,ക്രിക്കറ്റ്എന്നീ ഗെയിം ഇനങ്ങളിൽ കോച്ചിംഗ് നടത്തി പഞ്ചായത്ത്തലത്തിൽ ഓരോ ടീമിനെ വാർത്തെടുക്കുന്നതിനു യോഗ്യരായ കോച്ചിനെ നിയമിക്കുന്നതിനും പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന തലങ്ങളിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തത്. ആയതിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും ഫൂട്ട്ബോൾ, വോളിബോൾ ഇനങ്ങളിലെ കോച്ചിന്റെ പ്രതിഫലം-₹ 50000, ലഘുഭക്ഷണം-₹14750, സ്പോർട്ട്സ് ഉപകരണങ്ങൾ -₹18235 ഉൾപ്പെടെ 82,985 രൂപ നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു .

1 ക്യാമ്പ് നടത്തുന്നതിനാവശ്യമായ സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് 21-12-18 ലെ ബി1/856/18നമ്പർ ക്വട്ടേഷൻ നോട്ടീസിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത RF traders, ചോനാടം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 10-01-19 ലെ 4(1)/19 നം തീരുമാന പ്രകാരമാണ് ഭരണസമിതി അംഗീകരിക്കുന്നത്. എന്നാൽ അതിന് മുമ്പെ കായിക പരിശീലനം തുടങ്ങിയിരിക്കുന്നു .

2 . 23-12-18 മുതൽ 20-01-19 വരെ 30 പേർക്ക് ഫൂട്ട്ബോൾ പരിശീലനവും 21-01-19 മുതൽ 18-02-19 വരെ 25 പേർക്ക് വോളിബോൾ പരിശീലനവും 20-12-18 മുതൽ 08-01-19 വരെ 20 പേർക്ക് കബഡി പരിശീലനവും നൽകിയതായി കാണുന്നു . ഫൂട്ട്ബോൾ, വോളിബോൾ പരിശീലനം ഒരേ കോച്ച് നൽകിയതിന്റെ അടിസ്ഥാനത്തിൽ 25000രൂപ (25 ദിവസം@1000=25000) എന്ന നിരക്കിൽ 50000 രൂപ അനുവദിച്ചിട്ടുണ്ട് .

3.കലാസംസ്കാരം കായിക വികസനം മാർഗ്ഗരേഖ7.6.2(7) പ്രകാരം ഓരോ ഗെയിമിനും ഗ്രാമ പഞ്ചായത്തുകൾക്ക് 30000 /-രൂപയുടെ ചെലവുകൾ അനുവദനീയമാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെങ്കിലും അപ്രകാരം ചെയ്തു കാണുന്നില്ല.

4.പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സിൽ ടീമുകൾക്ക് ആവശ്യമായ സ്പോർട്ട്സ് ഉപകരണങ്ങളുടെ ആവശ്യകത വിലയിരുത്തുകയോ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനം രേഖപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല.

5. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ- 6/ 27-16-19 ) ലഭ്യമാക്കിയ മറുപടിയിൽ

കേരളോത്സവത്തിന്റെ ഉപകരണങ്ങൾ ഉപയോഗിച്ചാണ് പരിശീലനം മുൻകൂട്ടി ആരംഭിച്ചതെന്നും ഉപകരണങ്ങൾ കേടു വന്നത് കാരണമാണ് പുതിയ ഉപകരണങ്ങൾ വാങ്ങിയതെന്നും അറിയിക്കുകയുണ്ടായി. കൂടാതെ സ്പോർട്ട്സ് കൗൺസിൽ അംഗീകാരമുള്ള പരിശീലകനെയാണ് തെരഞ്ഞെടുത്തതെന്നും പദ്ധതി കാലയളവിൽ പ്രളയാനന്തരം, സർക്കാർ ഗെയിംസ് ഒഴിവാക്കാൻ തീരുമാനിച്ചെങ്കിലും പരിശീലനം തുടങ്ങിയതിനാലുമാണ് ഓരോ ഗെയിമിന്റെയും പരിധി കണക്കാക്കാൻ സാധിക്കാതെ വന്നതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. പരിശീലകനു തുക നിശ്ചയിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ലാത്തതിനാലും, മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാത്തതിനാലും ചെലവ് തുകയായ ₹ 82985 തടസ്സപ്പെടുത്തുന്നു.

# 3-17 ചിത്ര ഗ്രാമം പദ്ധതി - പദ്ധതി ലക്ഷ്യം കൈ വരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല.136452/- രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ | |
| പ്രോജ്കട് നമ്പർ പേര് | 34/19 ചിത്ര ഗ്രാമം പദ്ധതി | |
| അടങ്കൽ | 200000/-(തനത് ഫണ്ട്) | |
| ചെലവ്/ വൌച്ചർ നം/<br>തിയ്യതി | 136452 | 1.37652-(SB/XY/2669682/08.03.19-67652/-)<br>2.98000-(SB/XY/2669674/23.02.19-149881/-) |

| | | |
|---|---|---|
| | | 3.800-<br>(SB/XY/2669675/26.02.19-<br>800) |

എല്ലാ വീടുകളിലും ചിത്രങ്ങളുള്ള കേരളത്തിലെ ആദ്യ ഗ്രാമമായി കതിരൂർ ഗ്രാമപഞ്ചായത്തിനെ മാറ്റുന്നതിന്റെ ഭാഗമായി 20.01.2019 ന് പുല്ല്യോട് ശ്രീ കുർമ്പ കാവിൽ വച്ച് ചിത്ര കലാക്യാമ്പ് നടത്തുന്നതിലേക്കായി മേൽ സൂചിപ്പിച്ച പ്രകാരം 1,36,452/- രൂപ ചെലവാക്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട നോട്ടീസ് പ്രകാരം 60- ഓളം കലാകാരന്മാർ പങ്കെടുക്കുന്ന പരിപാടിയാണ് എന്ന് പരസ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും പരിപാടിയിൽ എത്ര കലാകാരന്മാർ പങ്കെടുത്തിട്ടുണ്ടെന്നോ ഓരോ കലാകാരന്മാരും തയ്യാറാക്കിയ ചിത്രങ്ങളുടെ എണ്ണത്തെ കുറിച്ചോ ഉള്ള കൃത്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ/രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (നം. 27 /18-19/ 26.06.19) നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. പഞ്ചായത്തിനെ ചിത്രഗ്രാമമാക്കി മാറ്റുന്നതിന് സ്വീകരിച്ച തുടർപ്രവർത്തനങ്ങളുടെ രേഖകളും ഹാജരാക്കുകയുണ്ടായില്ല. താഴെ പരാമർശിച്ച കാരണങ്ങളാൽ ചെലവ് തുകയായ 1,36,452/- രൂപ തടസ്സപ്പെടുത്തുന്നു

1.ചിത്ര ഗ്രാമം പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച് ചിത്രകലാ ക്യാമ്പിൽ പങ്കെടുത്ത കലാകാരന്മാരുടെ പേര് വിവരം .

2.. പദ്ധതിയുടെ ഭാഗമായി ഓരോ കലാകാരന്മാരും തയ്യറാക്കിയ ചിത്രങ്ങളുടെ എണ്ണം എത്രയാണ്?, അവയുടെ സ്റ്റോക്ക് വിവരം എന്നിവ ഹാജരാക്കേണ്ടതാണ്.

3. തയ്യാറാക്കിയ ചിത്രങ്ങൾ ആരുടെ ഉത്തരവാദിത്തത്തിലാണ് സൂക്ഷിച്ചിട്ടുള്ളതത് എന്നതിന്റെ രേഖകൾ.

4. പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല.

# 3-18 വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ- സബ്സിഡി മാനദണ്ഡം പാലിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ , പൊന്ന്യം സർക്കിൾ. |
| പ്രോജക്റ്റ് നമ്പർ | 89/18-19 |
| പ്രോജക്റ്റിന്റെ പേര് | വീട് വാസയോഗ്യമാക്കൽ-(പൊതു) |
| വകയിരുത്തിയ തുക വികസന ഫണ്ട്(പൊതു) | 12,00,000 രൂപ |
| | |

| | |
|---|---|
| ചെലവഴിച്ച തുക | 10,00,000 രൂ |
| ബിൽ നമ്പർ , തിയ്യതി , തുക | 1) 11/18-19,31-12-18 ₹200000<br>2) 12/18-19,14-01-19 ₹2,00,000<br>3) 14/18-19,04-02-19 ₹1,00,000<br>4) 15/18-19,07-02-19 ₹1,00,000<br>5) 19/18-19 ,27-02-19 ₹2,00,000<br>6) 21/18-19,18-03-19 ₹1,50,000<br>7) 22/18-19,25-03-19₹ 50,000 |

പഞ്ചായത്തിലെ വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ പദ്ധതിക്ക് വേണ്ടി മേൽ പറഞ്ഞ ബില്ല് പ്രകാരം മാറിയ ₹10,00,000 രൂപ 12 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖ പ്രകാരം അവസാനഗഡു തുക നൽകുന്നതിന് മുമ്പ് പ്രവൃത്തി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തുന്നതിനുസരിച്ചായിരിക്കും സബ്സിഡി അനുവദിക്കുന്നത്. എന്നാൽ പഞ്ചായത്തിൽ ഓവർസീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വാല്യേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചതു പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തിക്ക് മൂല്യ നിർണ്ണയം നടത്താതിരുന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്. സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് .

# 3-19 വയബിലിറ്റി ഗേപ്പ് ഫണ്ട് - ക്യാഷ് ബുക്ക്, ലോഗ് ബുക്ക് സൂക്ഷിപ്പിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നമ്പർ : 93 /19

പ്രോജക്ടിന്റെ പേര് : വയബിലിറ്റി ഗേപ്പ് ഫണ്ട്

അടങ്കൽ : ₹ 200000 (വികസന ഫണ്ട് )

ആകെ : ₹ 200000

ചെലവ് തുക : ₹200000 (ബിൽ. നം. 1/18-19,12-06-18 -₹33300)

(ബിൽ. നം.2/18-19,12-06-18 -₹3291)

(ബിൽ. നം. 4/18-19,14-08-18- ₹ 28200 )

(ബിൽ. നം. 5/18-19,14-08-18 -₹ 2493)

(ബിൽ. നം.6/18-19, 12-10-18-₹ 33600)

(ബിൽ. നം. 7/18-19,11-10-18-₹4398 )

(ബിൽ. നം. 8/18-19,08-11-18-₹33300)

(ബിൽ. നം.11/18-19,09-12-18-₹2710)

(ബിൽ. നം. 14/18-19,14-01-19-₹2170 )

(ബിൽ. നം. 15/18-19,14-01-19-₹ 36775)

(ബിൽ. നം.19-/18-19,12-02-19-₹19763)

ഹരിത കേരള മിഷന്റെ ഭാഗമായി ഹരിതസേന വളണ്ടിയർമാർക്ക് ഓണറേറിയം നൽകുന്നതിന് യൂസർ ഫീ മതിയാവാതെ വരുന്ന സാഹചര്യത്തിൽ ആയത് നികത്തുന്നതിന് വേണ്ടിയാണ് പദ്ധതിയിൽ തുക വകയിരുത്തിയത് . മേൽ കാണിച്ച ബില്ലുകൾ പ്രകാരം മാറിയ തുക മെയ്, ജൂൺ, സെപ്റ്റംബർ, ഒക്ടോബർ, ഡിസംബർ എന്നീ മാസങ്ങളിലെ ഓണറേറിയം നൽകുന്നതിനും വണ്ടിക്ക് ഇന്ധനം നിറയ്ക്കുന്നതിനും വേണ്ടിയാണ് തുക ചെലവഴിച്ചത്. ഇതു സംബന്ധിച്ച് ക്യാഷ് ബുക്ക് , ലോഗ് ബുക്ക് , പാസ്സ് ബുക്ക് എന്നിവയുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു .

1. പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന യൂസർഫീ സംബന്ധിച്ച വിവരം കേഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മാസാന്ത്യം സംക്ഷിപ്തം തയ്യാറാക്കി പാസ്സ് ബുക്കുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല .

2.മാലിന്യ നിർമ്മാർജ്ജനത്തിനായി ഉപയോഗിക്കുന്ന വണ്ടിയുടെ ലോഗ്ബുക്കിൽ. ഇന്ധന ഉപഭോഗം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

ഇന്ധനം മുഴുവനായി നിറച്ചതിന്റെ ( in full tank condition ) വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്താത്തതിനാൽ ഇന്ധന ക്ഷമത പരിശോധിക്കുവാൻ സാധിച്ചില്ല . തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുള്ള സംക്ഷിപ്തം ലോഗ്ബുക്കിൽ മാസാന്ത്യം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരം രേഖപ്പെടുത്തലുകൾ ചേർത്തിട്ടില്ല. ലോഗ് ബുക്കിൽ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗ

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 62,500 | പശുക്കളുള്ള ക്ഷീരകർഷകർക്ക് പാലുത്പാദനത്തിന് സബ്സിഡി | 62,500 | 0 |
| | 1,00,000 | സാന്ത്വന ചികിത്സ | 1,00,000 | 0 |
| | 85,200 | ഗവ: എൽ പി സ്കൂൾ- ഒന്നാം ക്ലാസ്സ് ഒന്നാംതരമാക്കൽ | 85,200 | 0 |
| | 4,50,000 | ബഡ്സ് സ്കൂളിന് കെട്ടിടനിർമ്മാണം | 0 | 4,50,000 |
| ജില്ല പഞ്ചായത്ത് | 68,000 | നെൽകൃഷിയ്ക്ക് വിത്ത്,കൂലി ചെലവ് സബ്സിഡി | 68,000 | 0 |
| | 1,27,500 | പച്ചക്കറികൃഷിയ്ക്ക്കൂലി ചെലവ് സബ്സിഡി | 1,27,500 | 0 |
| | 50,000 | സാന്ത്വന ചികിത്സ | 50,000 | 0 |
| | 5,00,000 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 5,00,000 | 0 |
| | 28,400 | ഗവ: എൽ പി സ്കൂൾ- ഒന്നാം ക്ലാസ്സ് ഒന്നാംതരമാക്കൽ | 28,400 | 0 |
| | 15,00,000 | ബഡ്സ് സ്കൂളിന് കെട്ടിടനിർമ്മാണം | 0 | 15,00,000 |

| | | | | |
|---|---|---|---|---|
| | 30,00,000 (മുന്നിരിപ്പ്) | പട്ടിക ജാതിക്കാർക്കുള്ള സാംസ്കാരിക നിലയം കെട്ടിട നിർമ്മാണം | 29,03,028 | 96,972 |
| | 1,90,000 | പട്ടിക ജാതിക്കാർക്കുള്ള സാംസ്കാരിക നിലയത്തിന് ഫർണ്ണിച്ചർ വാങ്ങൽ | 0 | 1,90,000 |
| | 12,50,000 | ബഡ്സ് സ്കൂൾ പ്രവർത്തനം -പ്രോജക്ട് തയ്യാറാക്കിയിട്ടില്ല | 0 | 12,50,000 |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1361രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| | 3-1 | 36 | | |

| | | | | |
|---|---|---|---|---|
| 2004-05 | | | ശ്രീ.യു.പി പ്രകാശൻ(സെക്രട്ടറി ഇൻ ചാർജ്ജ്) | 118010100117തീയതി 12.4.2018 |
| 2006-07 | 3-21 | 725 | ശ്രീ.അബ്ദുൽ ലത്തീഫ്(സെക്രട്ടറി ഇൻ ചാർജ്ജ്) | 118010104071തീയതി 9.11.2018 |
| 2004-05 | 2-1 | 600+<br>180(ഫൈൻ) | ശ്രീമതി. ആർ.ലക്ഷ്മി പ്രഭ(വെറ്ററിനറി സർജ്ജൻ) | 118010101196 തീയതി 30.05.2018 |
| ആകെ | | 1361+<br>180(ഫൈൻ) | | |

ഓഡിറ്റ് റിക്കവറി രജിസ്റ്റർ ഹാജരാക്കിയെങ്കിലും ആയതിൽ വിവരങ്ങൾ ഒന്നും എഴുതിയിട്ടില്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14,2014-15 | 2-3<br>2-4 | 2016-17 | ഖ.2 | സ്ഥാപന തൊഴിൽ നികുതി<br>മണപ്പുറം ഫൈനാൻസിയേഴ്സ് -ഇംഗ്ലീഷ് മീഡിയം സ്കൂൾ | പരാമർശം നിലനിൽക്കുന്നു. |
| 2015-16 | 2-3 | 2016-17 | ഖ.2 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |

# 4-8 ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ

## തുക -

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,85,83,308.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,39,45,563.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,88,048 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1,31,250 | ശ്രീ.സുജിത്ത് കുമാർ പയ്യമ്പള്ളി (സെക്രട്ടറി ) |
| 3-5 | 10,42,345 | ശ്രീ.സുജിത്ത് കുമാർ പയ്യമ്പള്ളി (സെക്രട്ടറി ) |
| 3-11 | 2,00,000 | ശ്രീ.രമേശൻ.കെ.വി , ഹെഡ് മാസ്റ്റർ |
| 3-13 | 36,316 | ശ്രീ.രമേശൻ.കെ.വി , ഹെഡ് മാസ്റ്റർ |
| 3-15 | 58,700 | ശ്രീ.രമേശൻ.കെ.വി , ഹെഡ് മാസ്റ്റർ |
| 3-16 | 82,985 | ശ്രീമതി.ഷീജ.വി.എം , അസിസ്റ്റന്റ് സെക്രട്ടറി |
| 3-17 | 1,36,452 | ശ്രീ. രമേശൻ കെ വി, ഹെഡ് മാസ്റ്റർ |
| ആകെ | 16,88,048 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുജിത്ത് കുമാർ .പി (സെക്രട്ടറി ) | സെക്രട്ടറി കതിരൂർ ഗ്രാമ പഞ്ചായത്ത് | രാജു ഭവൻ പിണറായി |
| ശ്രീ.രമേശൻ.കെ.വി (ഹെഡ് മാസ്റ്റർ) | റിട്ടയർ ചെയ്തു | ചെറിയ രയരോത്ത് , വാളാങ്കിച്ചാൽ |
| ശ്രീമതി.ഷീജ.വി.എം(അസിസ്റ്റന്റ് സെക്രട്ടറി) | അസിസ്റ്റന്റ് സെക്രട്ടറി കതിരൂർ ഗ്രാമ പഞ്ചായത്ത് | ശിവ നളിനം കാവുംഭാഗം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 6 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 4 |

| | | |
|---|---|---|
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 4 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 7 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 11 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 5 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 16 |
| 2009-10,10-11 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 3 |
| 2011-12,12-13 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 6 |
| 2013-14,14-15 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 7 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി7/749/2019 തിയതി: 14.06.19 | 3 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ.സി9/1279/2017, തീയതി,10-8-17 | 15 |
| 2017-18 | കെ.എസ്.എ./ കെ.എൻ.ആർ./ സി.9/32/2019 തിയ്യതി 05.02.2019 | 25 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.9/1074/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698


തീയ്യതി: 21.09.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, കതിരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന്

ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# <u>അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</u>

Receipt And Payment Statement Kadirur Grama Panchayath For the period from 01-April 2018 to 31 March 2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 4130311.95 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1327650.00 |
| 130000000 | Rental income from Panchayat Properties | RP-3 | 9500.00 |
| 140000000 | Fees & User Charges | RP-4 | 3277426.00 |
| 150000000 | Sale & Hire Charges | RP-5 | 71201.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 43705693.00 |
| 171000000 | Interest Earned | RP-9 | 126351.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12934679.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 70500.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 299351.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 8041.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 113166.00 |
| 340000000 | Deposits Received | RP-34 | 57164.00 |
| 350000000 | Other Liabilities | RP-36 | 295659.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 16277927.00 |
| 460000000 | Loans, Advances and Deposits | RP-47 | 9000.00 |
| | Grand total | | 82713619.95 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3870602.00 |
| 220000000 | Administrative Expenses | RP-12 | 1025062.00 |
| 230000000 | Operations & Maintenance | RP-13 | 1828222.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3218287.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 15090413.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1107472.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 661750.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 394680.00 |
| 255000000 | Maintenance Projects | RP-20 | 5972192.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0.0 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 10000.00 |
| | | | |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 9222572.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1369.00 |
| 280000000 | Prior Period Item | RP-26 | -600.00 |
| 311000000 | Earmarked Funds | RP-29 | 11000.00 |
| 350000000 | Other Liabilities | RP-36 | 3388481.00 |
| 410000000 | Fixed Assets | RP-38 | 16204899.00 |
| 412000000 | Capital work in Progress | RP-40 | 1364666.00 |
| 460000000 | Loans, Advances and Deposits | RP-47 | 574496.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 18768056.95 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 82713619.95 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ്

| Kadirur Gramapanchayat Income and Expenditure Statement For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5400225.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 68168.00 |
| 140000000 | Fee & User Charges | I-4(b) | 3584126.00 |
| 150000000 | Sale & Hire Charges | I-5(b) | 71201.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 116566501.00 |
| 171000000 | Interest Earned | I-8 | 126351.00 |
| 180000000 | Other Income | I-9 | 8041.00 |
| | | | |

| | | | |
|---|---|---|---|
| | Total Income | | 125824613.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11570820.00 |
| 220000000 | Administrative Expenses | I-11(b) | 1025062.00 |
| 230000000 | Operations & Maintenance | I-12(b) | 4134571.00 |
| 240000000 | Interest & Finance Charges | I-13 | 1369.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3632879.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 29826456.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1107472.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 661750.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 49896980.00 |
| 255000000 | Maintenance Projects | I-14(e) | 5972192.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0.0 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 10000.00 |
| 272000000 | Depreciation | I-17(a) | 19995161.00 |
| | Total Expenditure | | 127834712.00 |
| | Gross Surplus/ Deficit of income over Expenditure | | -2010099.00 |
| 280000000 | Prior Period Item | I-18 | 122837.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -2132936.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

Kadirur Gramapanchayat Balance Sheet
As on 31.03.2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 12584804.36 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 363849.00 |
| 312000000 | Reserves | B-3 | 52642260.00 |
| | Total Reserve & Surplus | | 65590913.36 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8529736.00 |
| | Total Grants, Contributions for Specific Purposes | | 8529736.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 311575.00 |
| 341000000 | Deposits Works | B-8 | 2402.00 |
| 350000000 | Other Liabilities | B-9 | 1092223.00 |
| | Total Current Liabilities and Provisions | | 1406200.00 |
| | TOTAL LIABILITIES | | 75526849.36 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 86651661.00 |
| 411000000 | Accumulated Depreciation | B-11 | -30192949.59 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 56458711.41 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 18768056.95 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | B-18 | 300081.00 |
| | | | |

| | |
|---|---|
| Total Current Assets, Loans and Advances | 0.0 |
| Total Current Assets, Loans and Advances | 19068137.95 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 75526849.36 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.